# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : *187 18-12-2012-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.യുടെ റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വരവ് ചെലവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. രാജു എബ്രഹാം<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി. |

(എ) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി.യുടെ വരവ് ചെലവ് കണക്കുകൾ ട്രൂ അപ്പ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാമ്പത്തിക വർഷം വരെ;

(എ) ഉണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന വൈദ്യുതിബോർഡിന്റെ 2003-04 സാമ്പത്തിക വർഷം മുതൽ 2010-11 വരെയുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ(C & AG) ആഡിറ്റ് ചെയ്ത് അംഗീകരിച്ചകണക്കുകൾ ട്രൂ അപ്പ് ചെയ്ത് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

(ബി) റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ട്രൂ അപ്പ് കണക്കുകൾ പ്രകാരം 2008-09 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കെ.എസ്.ഇ.ബി. യുടെ ആകെ റവന്യൂ സർപ്ലസ് എത്ര തുകയാണ്;

(ബി) കമ്മീഷൻ അംഗീകരിച്ച ട്രൂഅപ്പ് ഉത്തരവുകൾ പ്രകാരം 2008-09 വരെയുള്ള ആകെ മിച്ചം (Revenue Surplus) 940.37 കോടിരൂപയാണ്.

(സി) 2009-10, 2010-11 വർഷങ്ങളിലെ കമ്മീഷൻ അംഗീകരിച്ച ട്രൂ അപ്പ് കണക്കുകൾ പ്രകാരം അതാത് വർഷത്തെ കമ്മി എത്ര തുക വീതമാണ്;

(സി) കമ്മീഷൻ അംഗീകരിച്ച ട്രൂ അപ്പ് കണക്കുകൾ പ്രകാരം 2009-10 സാമ്പത്തിക വർഷത്തിലെ റവന്യൂ കമ്മി 639.43 കോടി രൂപയും 2010-11 വർഷത്തേയ്ക്കുള്ള റവന്യൂ കമ്മി 466.29 കോടി രൂപയും ആകുന്നു.

(ഡി) കമ്മീഷൻ അംഗീകരിച്ച പ്രസ്തുത കണക്കുകൾ പ്രകാരം 2010-11 സാമ്പത്തിക വർഷം അവസാനി

(ഡി) കമ്മീഷൻ അംഗീകരിച്ച കണക്കുകൾപ്രകാരം 2010-11 സാമ്പത്തിക വർഷം

| | |
|---|---|
| ക്കുമ്പോൾ മുൻ വർഷങ്ങളിലെ സർപ്ലസ്, കമ്മി എന്നിവ കണക്കിലെടുത്ത ശേഷം ബോർഡിനുള്ള റവന്യൂ കമ്മി അല്ലെങ്കിൽ മിച്ചം എത്രയാണ്? | അവസാനിക്കുമ്പോൾ, മുൻവർഷങ്ങളിലെ റവന്യൂ കമ്മി/മിച്ചം എന്നിവ കൂടികണക്കിലെടുക്കുമ്പോഴുള്ള. ആകെ റവന്യൂ കമ്മി 165.35 കോടി രൂപയാണ്. ഇതു കൂടാതെ റെഗുലേറ്ററി കമ്മീഷൻ 2011-12 സാമ്പത്തിക വർഷത്തെ റവന്യൂ കമ്മിയായി 928.62 കോടി രൂപയും 2012-13 ലേയ്ക്ക് 1889.15 കോടി രൂപയും റവന്യൂ കമ്മിയായി അംഗീകരിച്ചിട്ടുണ്ട്. ഇപ്രകാരം, 2012-13 വരെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ആകെ റവന്യൂ കമ്മി 2983.12 കോടി രൂപയാണ്. ഇതു കൂടാതെ ഈ സാമ്പത്തികവർഷം നവംബർ വരെ മഴയുടെ കുറവ് മൂലം 1193 കോടി രൂപ വൈദ്യുതി വാങ്ങുന്നതിന് കമ്മീഷൻ അംഗീകരിച്ച തുകയേക്കാൾകൂടുതലായി ചെലവാക്കേണ്ടിയും വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ